கொடுப்பது சம்பந்தமாக பாங்கின் நிலைமைக் காரியாலயம் அரசாங்கத்தோ நடத்திய கடிதப்போக்குவரத்துகள் முடிவுற்றனவா ;

(பி) பூமி வழங்குவது பற்றி அரசாங்கம் என்ன தீர்மானம் எடுத்துள்ளது என்று கூறப்படுமா ;

(சி) இதுசம்பந்தமுள்ள தீர்மானம் விரைவில் செய்யப்படுமா ?

Answer

(a, b, c) The requests from the State Bank of Travancore for assignment of 50 cents of poramboke land in Devicolam and 25 cents in Peermade are being considered by Government and orders are expected to be issued shortly.

നെല്ലുസംഭരണം

65. (610) ശ്രീ. ജി. ഗോപിനാഥൻപിള്ള താഴെ കാണുന്ന ചോദ്യത്തിനു റവന്യൂമന്ത്രി സദയം മറുപടി നൽകുമോ.:

കുട്ടനാട്ടുനിന്നു കഴിഞ്ഞ വിളവെടുപ്പിൽ എത്ര ടൺ നെല്ലു ലെവിയായി സംഭരിച്ചിട്ടുണ്ട്?

ഉത്തരം

കുട്ടനാട്ടുനിന്നും കഴിഞ്ഞ ആണ്ടത്തെ പുഞ്ചകൃഷിയിൽനിന്നും ലെവിയിനത്തിൽ 13,424.50 ടൺ നെല്ലു സംഭരിച്ചു.

താലൂക്കുകളുടെയും ബ്ലോക്കുകളുടെയും സംയോജനം

66. (611) ശ്രീ. ഈ . പി. കൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കുകളും ബ്ലോക്കുകളും കൂട്ടിച്ചേർത്തുകൊണ്ട് ഇന്നത്തെ താലൂക്കിനേക്കാൾ ചെറുതായ ഭരണപ്രദേശങ്ങൾ രൂപീകരിക്കാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അങ്ങനെ രൂപീകരിക്കുമ്പോൾ ജനസംഖ്യയെന്നതു പോലെതന്നെ വിസ്തൃതിയും ഒരു നിശ്ചിത പരിധിയിൽ അധികരിക്കാൻ പാടില്ലെന്ന ഒരു പൊതു തത്വം അംഗീകരിച്ചുകൊണ്ട് ഭരണപ്രദേശങ്ങൾ ഉണ്ടാക്കാമോ;

(സി) കണ്ണൂർ ജില്ലയിൽ പുതുതായി എത്ര താലൂക്കുകൾ രൂപീകരിക്കണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്;

(ഡി) കുത്തുപറമ്പ്, മട്ടന്നൂർ, ഇരിട്ടി, ഇരിക്കൂർ, ശ്രീകണ്ഠപുരം എന്നീ സ്ഥലങ്ങളെ കേന്ദ്രമാക്കിക്കൊണ്ടു താലൂക്കുകൾ രൂപീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് നടന്നുവരുന്ന പ്രക്ഷോഭണങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ കാര്യത്തിൽ ഗവൺമെൻറിന്റെ നിലപാടെന്താണ്?

ഉത്തരം

(എ, ബി) നിലവിലുള്ള താലൂക്കുകളും ബ്ലോക്കുകളും കൂട്ടിച്ചേർത്ത് വികസന പ്രവർത്തനവും റവന്യൂ പ്രവർത്തനവും ഒരേ ഏജൻസി

LIBRARY ARCHIVES Kerala Legislative Assembly

വഴി നടപ്പാക്കണമെന്നു വെള്ളോടികമ്മിറ്റിയുടെ ഒരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. വിശദാംശങ്ങളും തീർച്ചപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങളും തീർച്ചപ്പെടുത്തുമ്പോൾ ജനസംഖ്യ സ്ഥലവിസ്തൃതി മുതലായ വസ്തുതകളും പരിഗണിക്കാവുന്നതാണ്.

(സി) വിശദാംശങ്ങളും തീർച്ചപ്പെടുത്തികഴിഞ്ഞിട്ടില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

STARRED QUESTIONS POSTED FOR ANSWER ON 16-3-1970

എൻജിനീയറിംഗ് സ്റ്റുഡൻസിന്റെ സമരം

* 67. (661) ശ്രീ. വി. വി. കുഞ്ഞാമ്പു:
,, എം. സദാശിവൻ:
,, എസ്. ഭാസ്കരൻ:
,, സി. ഗോവിന്ദപ്പണിക്കർ:
,, ടി. കെ. രാമകൃഷ്ണൻ:
,, എ. എസ്. എൻ. നമ്പീശൻ:
,, എൻ. വാസുദേവൻ പിള്ള:
,, എ. എസ്. പുരുഷോത്തമൻ:
,, ഇ. വി. കുമാരൻ:
,, എ. പി. കുര്യൻ:
,, കെ. ചാത്തുണ്ണിമാസ്റ്റർ:
,, സി. വാസുദേവമേനോൻ:
,, എം. കെ. എ. ഹമീദ്:
,, സി. കെ. ബാലകൃഷ്ണൻ:
,, എ. വി. ആര്യൻ:
,, ടി. എം. മീതിയൻ:
,, ഇ. എം. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻജിനീയറിംഗ് കോളേജ് സ്റ്റുഡൻസ് ഒരു സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നറിയുന്നത് ശരിയാണോ;

(ബി) ആണെങ്കിൽ കാരണമെന്ത്;

(സി) പ്രസ്തുത വിദ്യാർത്ഥികളും ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളും എന്തെല്ലാം?

(ഡി) ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) സംസ്ഥാനത്തെ ചതുർവത്സരഎൻജിനിയറിംഗ് വിദ്യാർത്ഥികളും കഴിഞ്ഞ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഉദ്ദേശം 50 ദിവസങ്ങളോളം നീണ്ടുനിന്ന ഒരു സമരത്തിലായിരുന്നു. എന്നാൽ 23-2-1970-ൽ സെക്രട്ടറിയറ്റ് ഡർബാർഹാളിൽകൂടിയ ഒരു ഉന്നതസമ്മേളനത്തിനുശേഷം ഫെബ്രുവരി അവസാനവാരത്തിൽ അവർ സമരം പിൻവലിക്കുകയും പഠനം പുനരാരംഭിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly